Draft #6 of File 3272/AD A4/4/2018/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 29-May-2020 03:06 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - ഫെയർ കോപ്പി വിഭാഗം - ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സർക്കാർ നിർത്തലാക്കിയ ഫെയർ കോപ്പി വിഭാഗം സെക്ഷൻ ഓഫീസർ, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ് ), പൂൾ ഓഫീസർ തസ്തികകളിലേക്കുള്ള 01.07.2014 മുതലുള്ള സ്ഥാനക്കയറ്റങ്ങൾ അവസാനിപ്പിച്ചും G.O. (P) No. 10/2016/Fin. dtd 01.07.2014 നിലവിൽ വന്ന തീയതി മുതൽ ഈ വിഭാഗം ജീവനക്കാർക്ക് കൂടി പ്രസ്തുത ഉത്തരവ് പൂർണ്ണമായ തോതിൽ നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 2259/AD A 4/2020/എം.ജി.യു      പ്രിയദർശിനി ഹിൽസ്,തീയതി: 29.05.2020

---

*പരാമർശം:*-1. ഫെയർ കോപ്പി വിഭാഗം സെക്ഷൻ ഓഫീസർമാരായ ശ്രീ.മോഹനകുമാർ. എൻ, ശ്രീ.രാജഗോപാൽ .കെ, ശ്രീ.മോഹനൻ വി.ആർ എന്നിവർ 01.11.2019 തീയതിയിൽ നൽകിയ സമർപ്പണം.

2. ബഹു.വൈസ് ചാൻസലറുടെ 09.01.2020 തീയതിയിലെ ഉത്തരവ്.

3. 26.05.2020 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് (ഇനം നമ്പർ ഒ.എ. 9/20.02/DDFS 3272/2019).

**<u>ഉത്തരവ്</u>**

ഫെയർ കോപ്പി വിഭാഗം ജീവനക്കാരുടെ ഉദ്യോഗക്കയറ്റം, ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ചും സർക്കാർ നിർദ്ദേശം പാലിച്ചും 01.02.2011 പ്രാബല്യത്തിൽ സ്റ്റാറ്റ്യൂട്ട്സിൽ ഉൾപ്പെടുത്തിയും കേരള അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയേറ്റുമായുള്ള പാരിറ്റി നിലനിർത്തിയും കേരള സർവ്വകലാശാല ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ മാതൃകയാക്കിയും സാമ്പത്തികാനുകൂല്യങ്ങളോടെ നടപ്പാക്കണമെന്ന് പരാമർശം (1) പ്രകാരം ഫെയർ കോപ്പി വിഭാഗം സെക്ഷൻ ഓഫീസർമാരായ ശ്രീ.മോഹനകുമാർ.എൻ, ശ്രീ.രാജഗോപാൽ.കെ, ശ്രീ.മോഹനൻ വി.ആർ എന്നിവർ അപേക്ഷിച്ചിരുന്നു.

ടി വിഷയം സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കാൻ പരാമർശം (2) പ്രകാരം ബഹു.വൈസ് ചാൻസലർ ഉത്തരവായിരുന്നു.

26.05.2020 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, പരാമർശം (3) പ്രകാരം, താഴെ പറയുന്ന തീരുമാനമെടുത്തു :-

ഫെയർ കോപ്പി വിഭാഗം ജീവനക്കാർക്ക് ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സർക്കാർ നിർത്തലാക്കിയ തസ്തികകളുമായി ബന്ധപ്പെട്ട് സർവ്വകലാശാല രൂപീകരിച്ച

ഓർഡിനൻസ് നാളിതുവരെയായി ഗവർണർ പരിഗണിച്ചിട്ടില്ലാത്തതിനാലും ഈ വിഭാഗം ജീവനക്കാരുടെ പ്രൊമോഷനും വിരമിക്കലും അനിശ്ചിതത്വത്തിൽ തുടരുന്നതിനാലും പത്താം ശമ്പള പരിഷ്കാര ഉത്തരവ് G.O. (P) No. 10/2016/Fin. dtd 01.07.2014 നിലവിൽ വന്ന തീയതി മുതൽ ഈ വിഭാഗം ജീവനക്കാർക്ക് കൂടി ഉത്തരവ് പൂർണ്ണമായ തോതിൽ നടപ്പിലാക്കി ആ വിഭാഗം ജീവനക്കാരുടെ പ്രൊമോഷനും തസ്തിക നിർണ്ണയവും നടത്തുവാൻ തീരുമാനിച്ചു.

01.07.2014 മുതൽ ഫെയർ കോപ്പി വിഭാഗത്തിൽ തുടർന്ന് വന്നിരുന്ന ഉദ്യോഗക്കയറ്റ രീതി അവസാനിപ്പിച്ച് പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാനും തീരുമാനിച്ചു.

ബഹു. ഹൈക്കോടതി വിധിയിലൂടെ അംഗീകരിക്കപ്പെട്ട് ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുള്ള വിരമിച്ചവരുടെ തസ്തിക പുനർ നിർണ്ണയം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള രാജ് ഭവൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
3. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
4. വൈസ് ചാൻസലർ, പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
6. എസി.സി 1 സെക്ഷൻ/ പി.ആർ.ഒ
7. ബന്ധപ്പെട്ട വ്യക്തികൾ
8. ഫിനാൻസ് 1/2/എഫ്.സി.സി/ഓഡിറ്റ് 2/3/ജനറൽ കാഷ്/സിറ്റാഡ്
9. കെ.എസ്.എ ഡിപ്പാർട്ട്മെന്റ്/എഡി.എ8/10/എഡി.സി 2/3/എഡി.എ 5 സെക്ഷനുകൾ
10. ഐ.ക്യു.എ.സി/സി.എം.എസ്/റെക്കോർഡ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #6 of File 3272/AD A4/4/2018/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 29-May-2020 03:06 PM - Page 2